# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1638 — 01/11/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>അബ്ദുൽ ഹമീദ് പി.<br>വി.കെ.ഇബ്രാഹിം കുഞ്ഞ്<br>കെ.എൻ.എ ഖാദർ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | വിവിധ ഭവനനിർമ്മാണ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിനാവശ്യമായ എൻജിനീയർമാരുടെ അഭാവം സർക്കാർ നേരിടുന്നുണ്ടോ; വിശദമാക്കാമോ; | എ), ബി) & സി) | ലൈഫ് പദ്ധതിയുടെ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി (C.R.Narayana Rao Consultant Pvt. Ltd, Chennai) നെ ഇ - ടെണ്ടർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്.<br>എല്ലാ വകുപ്പുകളിലേയും ഭവന പദ്ധതികളെ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിലെ കെട്ടിട നിർമ്മാണ വകുപ്പിനെ ഏൽപിച്ചാൽ അവരുടെ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നത് മൂലം ലൈഫ് മിഷൻ പദ്ധതികൾക്ക് കാലതാമസം ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് ലൈഫ് മിഷൻ നടപ്പിലാക്കിയപ്പോൾ തന്നെ അതിലേക്കായി മാത്രം ഒരു എഞ്ചിനീയറിംഗ് ഡിവിഷൻ രൂപീകരിച്ചത്. ഈ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് മിഷന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടേയും ഏകോപന ചുമതല.<br>ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ വർഷം നിർമ്മാണം ആരംഭിക്കുന്ന 84 ഭവന സമുച്ചയങ്ങളിൽ 56 ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ടെണ്ടർ നടപടികൾ ആദ്യഘട്ടത്തിൽ പുരോഗമിക്കുന്നത്. ഇവയെല്ലാം തന്നെ 2020 ഒക്ടോബർ മാസത്തോടുകൂടി പണിപൂർത്തീകരിക്ക |
| ബി) | ലൈഫ് പദ്ധതിയുടെ കൺസൾട്ടൻസിയായി സ്വകാര്യ ഏജൻസിയെ നിയമിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ | | |
| സി) | സ്വകാര്യ ഏജൻസിക്ക് പകരം തദ്ദേശസ്വയംഭരണ വകുപ്പിലെ കെട്ടിട നിർമ്മാണ വകുപ്പിനെ പ്രസ്തുത പദ്ധതി നടത്തിപ്പ് പരിശോധിക്കുന്നതിന് നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ന്നതിനണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് എല്ലാ ഭവനസമുച്ചയങ്ങളുടെയും കാര്യത്തിൽ സർക്കാർ അവലംബിക്കുന്നത്. നിലവിൽ കേരളത്തിൽ ഉള്ള സർക്കാർ സ്ഥാപനങ്ങൾക്കൊന്നും തന്നെ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിൽ പ്രാവീണ്യം ഇല്ലാത്തതിനാലും ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ ഒരു ഏജൻസിയുടെ കടകീഴിൽ കൊണ്ടുവാന്നാൽ മാത്രമേ സർക്കാരിന്റെ ഉദ്ദേശം ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളൂ എന്നതു കൊണ്ടുമാണ് ഇതിലേക്കായി ഒരു പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ